**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 130** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കുന്നതിലെ നികുതി വെട്ടിപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി .എം. എ. സമീർ

ശ്രീ. ടി. പി. അഷ്റഫലി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നികുതിവെട്ടിപ്പ് നടന്നതായി ജി.എസ്.ടി. വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് ഇന്റലിജൻസ് യൂണിറ്റ് പ്രസ്തുത നികുതി തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്പോൺസർഷിപ്പ് ഫീ ഇനത്തിൽ 126 കോടി രൂപ ജൂൺ 2025, ഒക്ടോബർ 2025 എന്നീ സമയങ്ങളിൽ തുക എ.എഫ്.എ. യുടെ കളക്ഷൻ ഏജന്റ് എന്ന് പറയപ്പെടുന്ന TOUR PRODENTER LLC എന്ന കമ്പനിക്ക് കൈമാറിയതായി കണ്ടെത്തി. ഇത് ജി.എസ്.ടി. നിയമത്തിലെ Import of Service എന്ന ഇനത്തിൽ വരുന്നതും IGST ആയി Reverse Charge Mechanism (RCM) ൽ നികുതി, പണം കൈമാറിയ മാസത്തിലെ GSTR- 3B റിട്ടേണിൽ കാണിക്കേണ്ടതുമായിരുന്നു.എന്നാൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി ഇത് ചെയ്തിട്ടില്ല. 11.08.2026-ലെ സ.ഉ.(സാധാ)നം.609/2026/നികുതി നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിലും നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുള്ളതാണ്.

**(ബി)** 126 കോടി രൂപ വിദേശത്തേക്ക് അയച്ചതിന്റെ സേവന നികുതി അടയ്ക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട കമ്പനിയോട് ആവശ്യപ്പെട്ടിരുന്നോ; അറിയിക്കാമോ;

**<u>മറുപടി:</u>** ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയോട് രേഖകൾ ഹാജരാക്കുന്നതിനുള്ള സമൻസ് അയക്കുകയും കമ്പനി പ്രതിനിധിയുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തു. ജി.എസ്.ടി. നിയമപ്രകാരം നോട്ടീസ് നൽകുന്നതിന് മുമ്പ് (Show Cause Notice) ടാക്സ് പെയറിന് സ്വമേധയാ നികുതി തുകയും പലിശയും 15% പിഴ തുകയും അടക്കുന്നതിനുള്ള അവസരമുണ്ട്. എന്നാൽ ടി കമ്പനി അതിന് തയ്യാറായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. നിയമം സെക്ഷൻ 74 A പ്രകാരമുള്ള ഷോക്കോസ് നോട്ടീസ് അയച്ച് നികുതി തുക, പിഴ, പലിശ എന്നിവ അറിയിക്കേണ്ടതുണ്ട്. ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്), കോഴിക്കോട് ആണ് ഷോക്കോസ് നോട്ടീസ് നൽകേണ്ടത് എന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(സി)** പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മറുപടി:** പ്രസ്തുത നികുതി തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാഞ്ഞങ്ങാട് ഇന്റലിജൻസ് യൂണിറ്റ് വിശദമായ അന്വേഷണത്തിന് ഉള്ള അനുമതിക്ക് വേണ്ടി കാസർഗോഡ് ഡെപ്യൂട്ടി കമ്മീഷണർ ഇന്റലിജൻസ് മുഖേന ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്), കോഴിക്കോടിന് ഇന്റലിജൻസ് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിനുള്ള അനുമതി ലഭിച്ചതിനുശേഷം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് വേണ്ടി കമ്പനിക്ക് സമൻസ് അയക്കുകയും ചെയ്തു. രേഖകൾ ഹാജരാക്കുന്നതിനുള്ള സാവകാശം ആവശ്യപ്പെട്ടതനുസരിച്ച് നിയമാനുസൃതമായ സമയം അനുവദിച്ചു നൽകിയിട്ടുണ്ട്. മുഴുവൻ രേഖകളും ഹാജരാക്കാത്തതിനെ തുടർന്ന് കാഞ്ഞങ്ങാട് ഇന്റലിജൻസ് യൂണിറ്റ് ഇതുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുകയും കമ്പനി പ്രതിനിധിയുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് നികുതി, പിഴ, പലിശ എന്നിവ കണ്ടെത്തുകയും ആയതിന്മേലുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്), കോഴിക്കോടിന് സമർപ്പിക്കുകയും ചെയ്തു. ആയത് ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) അപ്രൂവ് ചെയ്തിട്ടുണ്ട്. നികുതി പിരിച്ചെടുക്കുന്നതിനുള്ള തുടർ നടപടിയായ ഷോക്കോസ് നോട്ടീസ് ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) കോഴിക്കോട് നൽകാനിരിക്കുകയാണ് എന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**